(1)	(2)	(3)
പത്തനംതിട്ട	3	52,83,950 രൂപ
ആലപ്പുഴ	9	5,16,97,801 "
കോട്ടയം	19	4,64,11,505 "
ഇടുക്കി	5	72,33,788 "
എറണാകുളം	4	1,99,86,244 "
തൃശ്ശൂർ	14	1,40,78,662 രൂപ ആറ് സംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
പാലക്കാട്	8	1,72,36,043 രൂപ
മലപ്പുറം	10	69,30,637 രൂപ മൂന്നുസംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
കോഴിക്കോട്	6	4,55,33,237 രൂപ മൂന്നു സംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
വയനാട്	2	17,78,393 രൂപ ഒരു സംഘത്തിൽ അന്വേഷണം നടന്നുവരുന്നു.
കണ്ണൂർ	13	5,20,65,610 രൂപ
കാസർഗോഡ്	3	26,09,436 "

സഹകരണ മേഖലയിലെ പഠന സമിതി

44 (5849) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളിൽ പഠനസമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം പഠനസമിതികളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സമിതികളുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനിതാ സഹകരണസംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് സഹകരണ സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിവിധ പഠന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടേയും അപ്രൈസർമാരുടേയും സേവന വ്യവസ്ഥകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനായും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) മേൽ പരാമർശിച്ചവയിൽ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടേയും അപ്രൈസർമാരുടേയും സേവന വ്യവസ്ഥകളെ സംബന്ധിച്ച് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പ്രിന്റിംഗ് സഹകരണ സംഘങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട്, എസ്.സി./എസ്.റ്റി. സംഘങ്ങളെ സംബന്ധിച്ച് പഠനം നടത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ റിപ്പോർട്ട് എന്നിവയിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വിഭാഗങ്ങളിലുള്ള പഠന സമിതികളുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly